# തെരഞ്ഞെടുത്ത ലേഖനങ്ങൾ

എം.ടി. വാസുദേവൻ നായർ



മലയാളത്തിന്റെ വലിയ എഴുത്തുകാരൻ തന്നിലൂടെയും കാലത്തിലൂടെയും പുസ്തകങ്ങളിലൂടെയും നടത്തിയ യാത്രകളുടെ സാക്ഷ്യമാണ് ഈ പുസ്തകം. എത്രമാത്രം വിപുലവും വൈവിധ്യപൂർണ്ണവുമാണ് ഈ എഴുത്തുകാരന്റെ ലോകം എന്ന് ഈ പുസ്തകം വായിക്കുന്നയാൾ അദ്ഭുതപ്പെടും. കലയിലും ജീവിതത്തിലും ജാഗ്രത കൈവിടാതെ, മനുഷ്യാഭിമുഖമായി ഒരു എഴുത്തുകാരന് എങ്ങനെ നിവർന്നു നില്ക്കാം എന്നതിന് ഈ പുസ്തകം തെളിവുതരുന്നു. എഴുത്തുകാരുടെ അന്തസ്സ് ഇതുപോലെ ഉയർത്തിപ്പിടിക്കുന്ന സർഗ്ഗാത്മക ചിന്തകളുടെയും വിശിഷ്ടമായ ഉൾക്കാഴ്ചകളുടെയും ഒരു പുസ്തകം മലയാളത്തിലില്ല. മലയാളത്തിന്റെ പ്രിയപ്പെട്ട എം.ടി. ഭാഷയ്ക്ക് നൽകിയ മഹത്തായ പാരിതോഷികം.

CURRENT BOOKS THRISSUR
ESTD:1952
ISBN 978-81-226-1177-9
₹ 650.00
9 788122 611779
00650
കറന്റ് ബുക്സ് തൃശൂർ
www.currentbooksonline.in
Essays

തെരഞ്ഞെടുത്ത ലേഖനങ്ങൾ
എം.ടി

# തെരഞ്ഞെടുത്ത ലേഖനങ്ങൾ

# എം.ടി



College Of Avian Sciences & Management
2520
LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2520 Call No. ..........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

Malayalam
**Thiranjedutha Lekhanagal**
Selected Essays of
**M.T. Vasudevan Nair**
Editor
**M.N. Karassery**
I[st] Impression: 2014 January
2[nd] Impression: 2023 May
Cover Design: Rajesh Chalode
Typeset: Current Books Thrissur
© Reserved
Printed at
Vattoly Nirmala Hi Print, Thrissur
Publishers
**Current Books Thrissur**-680 001 Keralam
e-mail: currentbooksthrissur@gmail.com
www.currentbooksonline.in
Distribution
**Cosmo Books**
Thrissur, Kochi, Kozhikode, Kottayam
e-mail: cosmobooks@asianetindia.com
**ISBN 978-81-226-1177-9**

All rights reserved. T his work may not be translated or copied in whole or in part without the written permission of the publisher, except for brief excerpts in connection with reviews or scholarly analysis.

2714 CBT 2023-030-1000

# തെരഞ്ഞെടുത്ത ലേഖനങ്ങൾ

**എം. ടി. വാസുദേവൻനായർ**

**കറന്റ് ബുക്സ് തൃശൂർ**

## എം.ടി. വാസുദേവൻനായർ

പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ 1933 ജൂലായ് 15ന് ജനനം.

അച്ഛൻ: ടി. നാരായണൻനായർ, അമ്മ: അമ്മാളുഅമ്മ.

കുമരനെല്ലൂർ ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. പാലക്കാട് വിക്ടോറിയ കോളേജിൽനിന്ന് 1953-ൽ ബി.എസ്.സി. (കെമിസ്ട്രി) ബിരുദം. അദ്ധ്യാപകൻ, പത്രാധിപർ, കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമാസംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനായി. മുറപ്പെണ്ണ് എന്ന സിനിമയ്ക്ക് ആദ്യതിരക്കഥ എഴുതി. നിർമ്മാല്യം, കടവ്, ഒരു വടക്കൻ വീരഗാഥ, സദയം, പരിണയം തുടങ്ങിയ ചലച്ചിത്രങ്ങൾക്ക് ദേശീയ അവാർഡും, ഓളവും തീരവും, ബന്ധനം, ഓപ്പോൾ, ആരൂഢം, വളർത്തുമൃഗങ്ങൾ, അനുബന്ധം, തൃഷ്ണ, ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച, അമൃതം ഗമയഃ, പെരുന്തച്ചൻ, സുകൃതം, ഒരു ചെറുപുഞ്ചിരി, തീർത്ഥാടനം എന്നിവയ്ക്ക് സംസ്ഥാന ബഹുമതികളും ലഭിച്ചു. തിരക്കഥയെഴുതി സംവിധാനം ചെയ്ത 'കടവ്' സിങ്കപ്പൂർ, ജപ്പാൻ എന്നിവിടങ്ങളിൽ നടന്ന ചലച്ചിത്രോത്സവങ്ങളിലും അവാർഡുകൾ നേടി. മലയാള സിനിമയ്ക്ക് നൽകിയ സംഭാവനകൾക്ക് പ്രേംനസീർ അവാർഡ് ലഭിച്ചിട്ടുണ്ട്. നല്ല സീരിയലിനുള്ള 1996-ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് നാലുകെട്ടിന് ലഭിച്ചു. രണ്ടാമൂഴം വയലാർ അവാർഡും മുട്ടത്തുവർക്കി ഫൗണ്ടേഷൻ അവാർഡും നേടി. നാലുകെട്ട്, സ്വർഗ്ഗം തുറക്കുന്ന സമയം, ഗോപുരനടയിൽ എന്നീ കൃതികൾക്ക് കേരള സാഹിത്യ അക്കാദമി അവാർഡും കാലം എന്ന നോവലിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും വാനപ്രസ്ഥത്തിന് ഓടക്കുഴൽ അവാർഡും ലഭിച്ചിട്ടുണ്ട്. 1996-ൽ ജ്ഞാനപീഠം പുരസ്കാരത്തിനർഹനായി. കാലിക്കറ്റ് സർവ്വകലാശാലയും മഹാത്മാഗാന്ധി സർവ്വകലാശാലയും 1996-ൽ ഓണററി ഡി.ലിറ്റ് ബിരുദം നല്കി ആദരിച്ചു. 2005-ലെ പത്മഭൂഷൺ ലഭിച്ചു. 2005-ൽ കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം ലഭിച്ചു. 2011-ൽ കേരള സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരത്തിന് അർഹനായി. 2013-ൽ കേന്ദ്രസാഹിത്യ അക്കാദമി ഫെലോഷിപ്പ് നല്കി ആദരിച്ചു. മാതൃഭൂമി പീരിയോഡിക്കൽസ് പത്രാധിപർ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, കേന്ദ്ര സാഹിത്യ അക്കാദമി എക്സിക്യൂട്ടിവ് മെമ്പർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഫിലിം ഫിനാൻസ് കോർപ്പറേഷൻ, നാഷണൽ ഫിലിം ഡവലപ്മെന്റ് കോർപറേഷൻ, ഫിലിം സെൻസറിങ് കമ്മറ്റി എന്നിവയിൽ അംഗമായിരുന്നിട്ടുണ്ട്. 1998 ലെ ഇന്ത്യൻ പനോരമ ചെയർമാനായിരുന്നു. 2008-ൽ കൊൽക്കത്ത നേതാജി ഓപ്പൺ യൂണിവേഴ്സിറ്റി ഡി. ലിറ്റ് നൽകി ആദരിച്ചു. 2014-ൽ കേരള സർക്കാരിന്റെ ജെ.സി. ഡാനിയേൽ പുരസ്കാരം ലഭിച്ചു. ഇപ്പോൾ തുഞ്ചൻ സ്മാരക സമിതി അദ്ധ്യക്ഷൻ. സാഹിത്യ-സാംസ്കാരിക രംഗത്തെ വിവിധ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

പ്രധാനകൃതികൾ: മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, വിലാപയാത്ര, പാതിരാവും പകൽവെളിച്ചവും, അറബിപ്പൊന്ന്, രണ്ടാമൂഴം, വാരാണസി (നോവലുകൾ), ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, കുട്ട്യേടത്തി, വാരിക്കുഴി, പതനം, ബന്ധനം, സ്വർഗ്ഗം തുറക്കുന്ന സമയം, നിന്റെ ഓർമ്മയ്ക്ക്, വാനപ്രസ്ഥം, എം.ടിയുടെ തിരഞ്ഞെടുത്ത കഥകൾ, ഡാർ എസ്. സലാം, രക്തം പുരണ്ട മൺതരികൾ, വെയിലും നിലാവും, കളിവീട്, വേദനയുടെ പൂക്കൾ, ഷെർലക്ക് (കഥകൾ), ഗോപുരനടയിൽ (നാടകം), കാഥികന്റെ കല, കാഥികന്റെ പണിപ്പുര, ഹെമിംഗ്‌വേ ഒരു മുഖവുര, കണ്ണാന്തളിപ്പൂക്കളുടെ കാലം (പ്രബന്ധങ്ങൾ), ആൾക്കൂട്ടത്തിൽ തനിയെ (യാത്രാവിവരണം), എം.ടിയുടെ തിരക്കഥകൾ, പഞ്ചാഗ്നി, നഖക്ഷതങ്ങൾ, വൈശാലി, പെരുന്തച്ചൻ, ഒരു വടക്കൻ വീരഗാഥ, നഗരമേ നന്ദി, നിഴലാട്ടം, ഒരു ചെറുപുഞ്ചിരി, നീലത്താമര, പഴശ്ശിരാജ (തിരക്കഥകൾ), സ്നേഹാദരങ്ങളോടെ, അമ്മയ്ക്ക് (ഓർമ്മകൾ), ചിത്രത്തെരുവുകൾ (ചലച്ചിത്രസ്മരണകൾ), വാക്കുകളുടെ വിസ്മയം (പ്രസംഗങ്ങൾ). ഇംഗ്ലീഷിലേക്കും ഇതരഭാഷകളിലേക്കും കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

വിലാസം: സിതാര, കൊട്ടാരം റോഡ്, കോഴിക്കോട്-673 006

## പ്രസാധകക്കുറിപ്പ്

പലകാലങ്ങളിലായി എം.ടി എഴുതിയ ലേഖനങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. ഭാരതത്തിലെ എക്കാലത്തെയും വലിയ എഴുത്തുകാരുടെ നിരയിൽ സ്ഥാനമുറപ്പിച്ച എം.ടിയുടെ ലേഖനങ്ങൾ, ഗഹനമായ ഏതു വിഷയവും മധുരമനോഹരമായി എങ്ങനെ എഴുതാം എന്നതിന് അനശ്വരമായ മാതൃകയാണ്. കഥകളിലൂടെയും നോവലുകളിലൂടെയും സിനിമകളിലൂടെയും എം.ടിയെ അറിഞ്ഞവർ ഈ എഴുത്തുകാരന്റെ ആന്തരിക ലോകം എത്രമാത്രം സമൃദ്ധമാണ് എന്ന് ഈ പുസ്തകം വായിക്കുമ്പോൾ അദ്ഭുതാദാരങ്ങളോടെ തിരിച്ചറിയും.

എഴുത്ത്, വിദേശസാഹിത്യം, യാത്ര, രാഷ്ട്രീയം, സ്ത്രീവാദം, സംസ്കാരം, പരിസ്ഥിതി, സിനിമ, അനുസ്മരണം, നാടുംവീടും എന്നീ പേരുകളിൽ പലഭാഗങ്ങളായി ക്രമീകരിച്ചിട്ടുള്ള ഈ പുസ്തകത്തിലെ ലേഖനങ്ങൾ ജാഗ്രതയെ മുഖമുദ്രയാക്കിയ ഒരു എഴുത്തുകാരന്റെ ആന്തരികലോകം വിളംബരം ചെയ്യുന്നുണ്ട്.

ഈ പുസ്തകത്തിലെ ലേഖനങ്ങൾ പലതും അതാത് മേഖലയിൽ മലയാളത്തിലുണ്ടായിട്ടുള്ള ഏറ്റവും നല്ല രചനകളാണ്. ഒരു എഡിറ്ററുടെ മനസ്സ് എപ്പോഴും തന്നിൽ പ്രവർത്തിക്കുന്നതുകൊണ്ടാവണം ഈ ലേഖനങ്ങളിൽ വാക്കുകൾ ധ്വനിസാന്ദ്രമാണ്.

ഈ പുസ്തകം ഉത്തരവാദിത്തത്തോടെ എഡിറ്റ് ചെയ്ത ശ്രീ. എം.എൻ. കാരശ്ശേരിക്ക് ഞങ്ങൾ നന്ദി പറയുന്നു.

എം.ടിയുടെ ചിന്താലോകം സമഗ്രമായി പ്രതിഫലിപ്പിക്കുന്ന ലേഖനങ്ങളുടെ ഈ സമാഹാരം ഞങ്ങൾ വായനക്കാരുടെ കൈകളിലേൽപ്പിക്കുകയാണ്. വായനക്കാർ ഈ പുസ്തകം ഏറ്റുവാങ്ങുക അവരുടെ ഹൃദയത്തിലേക്കു തന്നെയാണെന്ന ഉറച്ച ബോദ്ധ്യത്തോടെ.

**കറന്റ് ബുക്സ് തൃശൂർ**

# ആമുഖം

നമ്മുടെ കഥാസാഹിത്യത്തിൽ എന്നപോലെ ഗദ്യസാഹിത്യത്തിലും സവിശേഷമായ സ്ഥാനമുള്ള എഴുത്തുകാരനാണ് എം.ടി. വാസുദേവൻ നായർ. ഈ വകുപ്പിൽ മാത്രം 13 പുസ്തകമുണ്ട്. സാഹിത്യപഠനങ്ങൾ: കാഥികന്റെ പണിപ്പുര (1963), ഹെമിങ്‌വേ-ഒരു മുഖവുര (1968), കാഥികന്റെ കല (1984). യാത്രാവിവരണങ്ങൾ: മനുഷ്യർ നിഴലുകൾ (1960), ആൾക്കൂട്ടത്തിൽ തനിയെ (1972), വൻകടലിലെ തുഴവള്ളക്കാർ (1998). ഉപന്യാസ സമാഹാരങ്ങൾ: കിളിവാതിലിലൂടെ (1992), ഏകാകികളുടെ ശബ്ദം (1994), രമണീയം ഒരു കാലം (1998), സ്നേഹാദരങ്ങളോടെ (2003), കണ്ണാന്തളിപ്പൂക്കളുടെ കാലം (2003), അമ്മയ്ക്ക് (2005), ചിത്രത്തെരുവുകൾ (2010). ഇവയിൽനിന്ന് തെരഞ്ഞെടുത്ത രചനകളുടെ സമുച്ചയമാണിത്. പുസ്തകാകൃതിയിൽ പുറപ്പെട്ട സമാഹാരങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത രണ്ട് മൂന്ന് രചനകൾ - അവയുടെ പ്രാധാന്യം പരിഗണിച്ച് - ഇതിൽ ചേർത്തിട്ടുണ്ട്. ആകെ 72 ലേഖനങ്ങൾ. വിഷയക്രമം പാലിച്ച് പത്തു ഭാഗമായി അടുക്കിയിരിക്കുന്നു.

കഥകളുടെയും തിരക്കഥകളുടെയും എന്നപോലെ ആ ലേഖനങ്ങളുടെ കേദാരവും സമൃദ്ധമാണ്. തെരഞ്ഞെടുപ്പിനെ ദുഷ്ക്കരമാക്കുന്നത് എണ്ണക്കൂടുതലിനെക്കാൾ രചനയുടെ മികവാണ്- ഒന്നിനൊന്ന് മെച്ചമായവയിൽനിന്ന് ചിലത് പാറ്റിയെടുക്കുക എളുപ്പമല്ലല്ലോ.

തെരഞ്ഞെടുപ്പിന്റെ മാനദണ്ഡം എന്നു പറയാൻ വിശേഷിച്ച് ഒന്നുമില്ല, വ്യക്തിപരമായ അഭിരുചിയല്ലാതെ: ഇഷ്ടപ്പെട്ട ലേഖനങ്ങൾ നോക്കിയെടുത്ത് വിഷയക്രമം അനുസരിച്ച് ക്രമീകരിക്കുകയാണ് ചെയ്തത്.

യാത്രകളെപ്പറ്റിയും എഴുത്തിനെപ്പറ്റിയും ആണ് എം.ടി. അധികം ലേഖനങ്ങളെഴുതിയിട്ടുള്ളത്. അക്കൂട്ടത്തിൽ സാധാരണമായി നമ്മുടെ ശ്രദ്ധയിൽ നില്ക്കാത്ത ചിലതുണ്ട് - രാഷ്ട്രീയം, സ്ത്രീവാദം മുതലായവ. അത്തരം സംഗതികൾക്കു കൂടി ഊന്നൽ കിട്ടത്തക്കവിധം ആ ഗദ്യരചനകളുടെ പ്രാതിനിധ്യം എടുത്തുകാണിക്കുവാൻ ഇവിടെ ശ്രദ്ധിച്ചിട്ടുണ്ട്.

ലേഖനങ്ങളുടെ ക്രമീകരണത്തിന് കെ.സി. നാരായണനുമായി നടത്തിയ ചർച്ച ഉപകാരപ്പെട്ടു.

തൃശൂർ
11 ജനുവരി 2014

**- എം.എൻ. കാരശ്ശേരി**
എഡിറ്റർ

# ഉള്ളടക്കം


I എഴുത്ത് - 13

കഥ പറഞ്ഞുതന്നവർ - 15
കാഴ്ചപ്പാടുകൾ - 19
എഴുതാപ്പുറങ്ങളിലെ കഥ - 32
എന്തിനെഴുതുന്നു? - 44
കഥാകാരനിലൂടെ കഥയിലേക്ക് - 48
ഒരു കഥ ജനിക്കുന്നു - 58
കാണാതെപോയ ഒരു കഥ - 65
കുടികിടപ്പുകാർ - 70

II വിദേശസാഹിത്യം - 74

ഏകാകികളുടെ ശബ്ദം - 75
ജെയിംസ് മിച്ച്നെറുടെ ബാലപാഠങ്ങൾ - 79
നോബലും ജപ്പാനും - 83
ഭാവനയ്ക്ക് സ്വാതന്ത്ര്യം, ഭ്രാന്തിനുള്ള അവകാശം - 87
സോൾസെനിറ്റ്സിനും സ്മിർനോഫ്വോഡ്കയും - 90
സ്വപ്നം തന്നെ സത്യം - 94
രക്തസാക്ഷി - 101
അസ്തിത്വമെന്ന ഭാരം - 104
ഒരു കുലപതിയുടെ മരണം - 107
നോവൽവായനയെപ്പറ്റി നോവൽ - 110
നഷ്ടപ്പെട്ട തലമുറ: ഹെമിംഗ്വേ സാഹിത്യത്തിലൂടെ - 113

III യാത്ര - 120

തിരക്കിൽ അല്പം സ്ഥലം - 121
ടാഗോറിന് ചൈനയിൽ ഒരു മുറി - 131

ഗോയ്ഥേയും ഹിറ്റ്ലറും - 139
മഹാനഗരം: ഒരു മുഖദർശനം - 168

**IV രാഷ്ട്രീയം - 171**

ആഫ്രിക്കയിലെ സൂര്യോദയം - 172
മനുഷ്യനെ തേടി - 176
ജയിൽപ്പുള്ളി നമ്പർ 466 - 181
അധികാരത്തിന്റെ പരിവേഷം - 185
ഒരു ദരിദ്രരാജ്യമായ ഇന്ത്യയിൽ - 194

**V സ്ത്രീവാദം - 201**

പെൺകുട്ടിയുടെ വർഷം - 202
ഒരു മഹാപ്രസ്ഥാനത്തിലെ പ്രതിസന്ധി - 206
ഇരുട്ടിലൊരു രോദനം - 208

**VI സംസ്കാരം - 210**

സംശയിക്കുന്ന തോമസ് - 211
പകലിന്റെ നക്ഷത്രങ്ങൾ - 216
മഹായജ്ഞങ്ങൾ - 224
മരണംകൊണ്ട് ഒരു യാത്രാമൊഴി - 228
മലയാളം മറക്കുന്നവർ - 233

**VII പരിസ്ഥിതി - 237**

വെളിച്ചത്തിന്റെ മേഖല - 238
മാപ്പു പറയുന്നു, മക്കൾ - 241
കനിവിന്റെ ഉറവുകൾ - 245
ഓർമ്മകളിലെ നിള - 247
മീനച്ചൂട് - 252
വടക്കൻ മുത്തശ്ശിക്കഥ - 257
ഭ്രാന്തൻ സ്വപ്നങ്ങൾ - 260
കൂടാരങ്ങൾക്കു പിന്നിൽ - 265

**VIII സിനിമ - 271**

ബഹുജനത്തിനു വേണ്ടതുകൊണ്ട്... - 272
പി.ജെ. ആന്റണി - 77
നമ്മൾ വെറും മനുഷ്യർ - 281
നടന്റെ മരണം - 290
കൃഷ്ണാബായ് തെരുവിലെ അണ്ണൻ - 293
ഒരു നായകന് നന്ദിപൂർവം - 302
റോയപ്പേട്ട പൊലിസിന്റെ ആതിഥ്യം - 320
ഹോളിവുഡിന്റെ പ്രേതം - 324

**IX അനുസ്മരണം - 338**

ചരിത്രപരമായ ഒരാവശ്യം - 339
കഥയുടെ സഹസ്രപൗർണമി - 342
നന്ദിപൂർവം - 347
അത്തിപ്പറ്റ ശിവരാമൻ - 351
കഥയുടെ പൂമരം - 355
സ്വന്തം കവി - 369
ശാസ്താംകാവിലെ ശാന്തിക്കാരൻ - 372
ഒരു രക്ഷിതാവിന്റെ ഓർമ്മയ്ക്ക് - 374
ഉച്ചവെയിലിലെ തണൽ - 382
രണ്ടാമത്തെ കാലൊച്ച - 386
വീണ്ടും കണ്ടുമുട്ടുന്നതുവരെ - 390
ഒരു തപസ്വിയുടെ ചിത്രം - 397
അറിവിന്റെ അദ്ഭുതം - 400
ഏകാന്തപഥിക - 404

**X നാടും വീടും - 410**

അമ്മയ്ക്ക് - 411
കുമരനെല്ലൂരിലെ കുളങ്ങൾ - 420
വിളറിയ നിലാവ് - 442
കണ്ണാന്തളിപ്പൂക്കളുടെ കാലം - 446
നാടകാന്തം - 452
രമണതരംഗം - 461